# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 22.10.2024**

### പ്രധാനവാർത്തകൾ

1. 2023 ലെ ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറയ്ക്ക്.

2. 16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യയിലേക്ക് യാത്ര തിരിച്ചു.

3. ഇന്ത്യ-സിംഗപ്പൂർ പ്രതിരോധ മന്ത്രിമാരുടെ ആറാമത് സംഭാഷണം ഇന്ന് ന്യൂഡൽഹിയിൽ.

4. സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് മണ്ഡലങ്ങളിലും പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രചാരണം ഊർജിതം. നാമനിർദ്ദേശ പത്രികാ സമർപ്പണം വെള്ളിയാഴ്ച വരെ.

5. രാജ്യത്തെ ആദ്യ സമഗ്ര ഭൂ വിവര ഡിജിറ്റൽ സംവിധാനമായ 'എന്റെ ഭൂമി' സംയോജിത വെബ് പോർട്ടലിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും.

6. ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' ഒഡിഷ തീരത്തേക്ക് നീങ്ങി തുടങ്ങിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

************************************************

RNU TVPM

രാഷ്ട്രപതി – അവാർഡ്(ഇൻട്രോ)

ജൽജീവൻ മിഷൻ നടപ്പാക്കിയതിലൂടെ രാജ്യത്തെ ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ജീവിതത്തിൽ മികച്ച രീതിയിലുള്ള മാറ്റം കൊണ്ടുവരാൻ സാധിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു. 2023 ലെ ദേശീയ ജല പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി.

(വോയ്സ്)

ജലസംരക്ഷണത്തിന് മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറയ്ക്ക് ലഭിച്ചു. ആദ്യമായാണ് കേരളത്തിലെ ഒരു ഗ്രാമ പഞ്ചായത്തിന് പുരസ്കാരം ലഭിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് രാജേഷ് പി വി, സെക്രട്ടറി സുനിൽ പി എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. മികച്ച സംസ്ഥാനം എന്ന വിഭാഗത്തിൽ ഒഡീഷയും ഉത്തർപ്രദേശുമാണ് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയത്.

RNUTVPM

*****************************************

പ്രധാനമന്ത്രി - റഷ്യ

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് റഷ്യയിലെ കസാനിലേക്ക് യാത്രതിരിച്ചു. 16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. ആഗോള വികസന അജണ്ട, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിഷയങ്ങൾക്ക് സുപ്രധാന വേദിയായ ബ്രിക്സുമായി ഇന്ത്യ അടുത്ത ബന്ധം പുലർത്തുന്നുണ്ടെന്ന് പ്രധാനമന്ത്രി റഷ്യയിലേക്ക് പുറപ്പെടുന്നതിന് മുന്ന് നടത്തിയ പ്രസ്താവനയിൽ പറഞ്ഞു. കഴിഞ്ഞ വർഷം പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി ബ്രിക്സ് വിപുലീകരിച്ചത് ആഗോള

നന്മയ്ക്ക് സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു. ഈ സന്ദർശനം ഇന്ത്യ - റഷ്യ തന്ത്രപരമായ പങ്കാളിത്തത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ശ്രീ.നരേന്ദ്രമോദി പ്രത്യാശ പ്രകടിപ്പിച്ചു.

******************************************

## രാജ്നാഥ് സിംഗ്

ഇന്ത്യ-സിംഗപ്പൂർ പ്രതിരോധ മന്ത്രിമാരുടെ ആറാമത് സംഭാഷണം ഇന്ന് ന്യൂഡൽഹിയിൽ. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സിംഗപ്പൂർ പ്രതിരോധ മന്ത്രി എൻ ജി ഇംഗ് ഹെൻ എന്നിവർ സംഭാഷണത്തിന് സഹ-അധ്യക്ഷത വഹിക്കും. പങ്കാളിത്ത താൽപ്പര്യമുള്ള വിവിധ വിഷയങ്ങളും നേതാക്കൾ ചർച്ച ചെയ്യും.

******************************************

TVPM

## അമിത് ഷാ

14-ാമത് അഖിലേന്ത്യ സിവിൽ ഡിഫൻസ് ആന്റ് ഹോം ഗാർഡ് കോൺഫറൻസ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ ഉദ്ഘാടനം ചെയ്യും. ആനന്ദിലെ National Dairy Development Board ന്റെ 60-ാം സ്ഥാപക ദിന ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുക്കും. NDDB യുടെ മൂന്ന് പുതിയ പദ്ധതികളും ശ്രീ.അമിത് ഷാ ഉദ്ഘാടനം ചെയ്യും.

******************************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പണം വെള്ളിയാഴ്ച അവസാനിക്കും. അടുത്ത മാസം 13ന് വോട്ടെടുപ്പും 23 ന് വോട്ടെണ്ണലും നടക്കും. തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ ഊർജിതമാക്കിയിരി

ക്കുകയാണ് മുന്നണികൾ. വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

*******************************************

**വയനാട് – ഇൻട്രോ**

ഉപതിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ വയനാട് ലോക് സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.....**

(വോയ്സ്)

*******************************************

**വിജ്ഞാപനം**

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ രണ്ടാം ഘട്ട വിജ്ഞാപനവും മഹാരാഷ്ട്രയിൽ ഒറ്റത്തവണ വിജ്ഞാപനവും ഇന്ന് പുറപ്പെടുവിക്കും. 38 മണ്ഡലങ്ങളിലേക്ക് നവംബർ 20 നാണ് ഝാർഖണ്ഡിൽ രണ്ടാംഘട്ട വോട്ടെടുപ്പ്. മഹാരാഷ്ട്രയിലെ 288 നിയമസഭാ സീറ്റുകളിലേക്കും ഇതേ ദിവസം വോട്ടെടുപ്പ് നടക്കും .

*******************************************

**എന്റെ ഭൂമി**

ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന '**എന്റെ ഭൂമി**' സംയോജിത വെബ് പോർട്ടൽ സംവിധാനത്തിന് ഇന്ന് തുടക്കമാകും. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ

ഇന്ന് തിരുവനന്തപുരം നിശാഗന്ധിയിൽ നിർവഹിക്കും. രാജ്യത്തെ ആദ്യ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ് ഇതോടെ യാഥാർത്ഥ്യമാകുന്നത്.

********************************************

**പി എം ഇന്റേൺഷിപ്പ്**

നൈപുണ്യ വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പി എം ഇൻറേൺഷിപ്പ് പദ്ധതിയുടെ ആദ്യഘട്ടത്തിലേക്ക് രജിസ്റ്റർ ചെയ്യാനുള്ള സമയപരിധി വെള്ളിയാഴ്ച അവസാനിക്കും. pminternship.mca.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ 21 നും 24 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഒന്നേകാൽ ലക്ഷം ഇന്റേൺഷിപ്പ് അവസരങ്ങളാണ് ഈ സാമ്പത്തിക വർഷം ലക്ഷ്യമിടുന്നത്.

********************************************

**നവീൻ ബാബു**

എ ഡി എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ കളക്ടർ അരുൺ കെ വിജയന്റെ മൊഴി പോലീസ് രേഖപ്പെടുത്തി. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന പി പി ദിവ്യയെ എ ഡി എം-ന്റെ യാത്രയയപ്പ് ചടങ്ങിൽ ക്ഷണിച്ചിട്ടില്ലെന്ന് മൊഴി നല്കിയതായി കളക്ടർ മാധ്യമങ്ങളോട് പറഞ്ഞു. കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ അന്വേഷണത്തിന്റെ ഈ ഘട്ടത്തിൽ സാധിക്കില്ലെന്നും മാധ്യമങ്ങൾക്കുള്ള മറുപടിയായി, അദ്ദേഹം വ്യക്തമാക്കി.

********************************************

## ഗവർണർ സന്ദർശനം-നവീൻ ബാബു

അന്തരിച്ച എഡിഎം നവീൻ ബാബുവിന്റെ കുടുംബാംഗങ്ങളെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇന്ന് സന്ദർശിക്കും. ഉച്ചയോടെ മലയാലപ്പുഴയിലെ വീട്ടിൽ ഗവർണർ എത്തുമെന്നാണ് കരുതുന്നത്. കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, വിവിധ രാഷ്ട്രീയ കക്ഷികളുടെ നേതാക്കൾ, തുടങ്ങിയവർ കഴിഞ്ഞ ദിവസങ്ങളിൽ നവീൻ ബാബുവിന്റെ വീട് സന്ദർശിച്ചിരുന്നു.

************************************

## പുസ്തകോത്സവം

കേരള നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രഖ്യാപനവും ലോഗോ പ്രകാശനവും വെബ്സൈറ്റ് ഉദ്ഘാടനവും സ്പീക്കർ എ.എൻ.ഷംസീർ നാളെ നിർവഹിക്കും. ജനുവരി 7 മുതൽ 13 വരെയാണ് പുസ്തകോത്സവം.

************************************

## ചുഴലിക്കാറ്റ്

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' ഒഡിഷ തീരത്തേക്ക് നീങ്ങി തുടങ്ങിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 120 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കുന്ന ചുഴലിക്കാറ്റ് വ്യാഴാഴ്ച രാത്രിയോടെ തീരം തൊടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒഡീഷയുടെ തീരദേശ ജില്ലകളിൽ ബുധനാഴ്ച മുതൽ വെള്ളിയാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ മുന്നറിയിപ്പുണ്ട്. ചുഴലിക്കാറ്റ് സാധ്യത കണക്കിലെടുത്ത് സ്ഥിതിഗതികൾ

നേരിടാൻ ഒഡീഷ, പശ്ചിമബംഗാൾ സർക്കാരുകൾക്ക് എല്ലാ സഹായവും നൽകുമെന്ന് കേന്ദ്രം അറിയിച്ചു.

******************************************

മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

******************************************

## വനിതാ ട്വന്റി-**20**

I C C വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ടീമിൽ ഇടം നേടി ഇന്ത്യൻ വനിതാ ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ. ഏഴ് രാജ്യങ്ങളിൽ നിന്നുള്ള താരങ്ങൾ ഉൾപ്പെടുന്ന 12 അംഗ ടീമിൽ ഇന്ത്യയിൽ നിന്നുള്ള ഏക താരമാണ് ഹർമൻപ്രീത് .

******************************************

## ബി സി സി ഐ

ഈ മാസം 31 ന് തുടങ്ങുന്ന ഓസ്ട്രേലിയൻ പര്യടനത്തിന് ഇന്ത്യ A ടീമിനെ BCCI പ്രഖ്യാപിച്ചു. ഓസ്ട്രേലിയ A-ക്കെതിരെ ഇന്ത്യ എ, മക്കൈയിലും മെൽബണിലും രണ്ട് ഫസ്റ്റ് ക്ലാസ് മത്സരങ്ങൾ കളിക്കും.

******************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ – ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 7.30 ന് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

******************************************

**കുടുംബശ്രീ-കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ ജില്ലയിൽ കുടുംബശ്രീ കാർഷിക ഉപജീവന മേഖലയിൽ സംയോജിത ഫാമിങ് ക്ലസ്റ്ററുകൾ ആരംഭിക്കുന്നു. കർഷകർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്നതുൾപ്പെടെയുള്ള സൗകര്യങ്ങൾ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ .............**

(വോയ്സ്)

*********************************************

**മുകേഷ് അറസ്റ്റിൽ**

നടനും എംഎൽഎയുമായ മുകേഷ് അറസ്റ്റിൽ. ആലുവ സ്വദേശിനിയായ നടി നൽകിയ പരാതിയിലാണ് അറസ്റ്റ്. വടക്കാഞ്ചേരി പോലീസ് എടുത്ത കേസിൽ മുകേഷിന്റെ അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം ജാമ്യത്തിൽ വിട്ടയച്ചു.

*********************************************

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 27 ന്. പരിപാടിയുടെ 115-ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങളും അഭിപ്രായങ്ങളും അറിയിക്കാവുന്നതാണ്.

*****************************************

## ആധാർ ക്യാമ്പ്

കേന്ദ്ര സർക്കാറിന്റെ ആസ്പിരേഷണൽ ബ്ലോക്ക് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി ബ്ലോക്ക് പരിധിയിലെ 6 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ആധാർ ക്യാമ്പ് സംഘടിപ്പിക്കുന്നു.

*****************************************

## മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ

2024-25 വർഷത്തെ പുരാരേഖാ സംരക്ഷണ, നിർവഹണ പദ്ധതികൾ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നാളെ രാവിലെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

**************************************************************************************************************

*****************************************

RNU TVPM